റൈസ് മില്ലുകൾക്കുള്ള അപേക്ഷ

* 857. [28] ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) 1963-ൽ ഡിസംബർ 31-ാംതു വരെ റൈസു മില്ലുകൾക്കായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട് ;

(ബി) അതിൽ സ്വകാര്യവ്യക്തികളുടേതെത്ര : കോവാപ്പറേറ്റീവ് സംഘങ്ങളിൽ നിന്നെത്ര ;

(സി) മേൽ ഒരു വർഷകാലത്തു് ലൈസൻസുകൾ അനുവദിച്ചതിൽ വ്യക്തികൾക്ക് എത്ര ; കോവാപ്പറേറ്റീവു സൊസൈറ്റികൾക്ക് എത്ര ?

ഭക്ഷ്യവകുപ്പുമന്ത്രി (ശ്രീ. ഈ. പി. പൗലോസ്) :

(എ) 598.

(ബി) സ്വകാര്യ വ്യക്തികളിൽനിന്നു് 594. കോവാപ്പറേറ്റീവു സംഘങ്ങളിൽനിന്നു് 4.

(സി) 225 പെർമിറ്റുകൾ സ്വകാര്യ വ്യക്തികൾക്കും ഒരെണ്ണം കോവാപ്പറേറ്റീവു സംഘത്തിനും നൽകിയിട്ടുണ്ട്.

ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി ; കോവാപ്പറേറ്റീവു സൊസൈറ്റികൾ ലൈസൻസിനു അപേക്ഷിച്ചാൽ അതു പരിഗണിക്കുന്നില്ലെന്നുള്ള പരാതി പൊതുവിലുണ്ട്. ഇത്താല കോവാപ്പറേറ്റീവു സൊസൈറ്റിക്കു് ഇതുവരെ ലൈസൻസു കൊടുത്തിട്ടില്ലെന്നു പരാതിയുണ്ട്. അതു പരിശോധിക്കുമോ ?

ശ്രീ. ഈ. പി. പൗലോസ് : സൊസൈറ്റികളിൽനിന്നും അപേക്ഷകൾ വളരെ ചുരുക്കമേ ലഭിച്ചിട്ടുള്ള. സൊസൈറ്റികളുടെ അപേക്ഷകൾക്കാണു് മുൻഗണന കൊടുക്കുന്നതു് ?

ശ്രീ. സി. അച്യുതമേനോൻ : കാൺഗ്രസ്സു് സമ്മേളനത്തിലെ പ്രമേയത്തിന്റെ അടിസ്ഥാനത്തിൽ ഈ മില്ലുകൾ ദേശസാൽക്കരിക്കുന്നതിനു ആലോചിക്കുന്നുണ്ടോ ; അതു പരിശോധിച്ചോ ?

ശ്രീ. ഈ. പി. പൗലോസ് : പരിശോധിച്ചു. പത്തും മുപ്പതും പറ നെല്ലുകുത്തുന്ന മില്ലുകളാണു് മിക്കതും. പാലക്കാട്ടും ആലപ്പുഴയിലും വൻതോതിൽ സൊസൈറ്റികൾ രൂപീകരിക്കുന്നുണ്ടു്. അവിടെയൊക്കെ ഗവണ്മെന്റു കോവാപ്പറേറ്റീവു സൊസൈറ്റികളുണ്ടാക്കി മില്ലിംഗും പർച്ചെസും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടു്. വലിയ മില്ലുകൾ ഉണ്ടെങ്കിൽ അതു് ദേശസാൽക്കരിക്കുന്നതിൽ പ്രയോജനമുണ്ടെങ്കിലേ അതു ചെയ്യേണ്ട ആവശ്യമുള്ള.

ശ്രീ. എം. നാരായണക്കുറുപ്പ് : ഇന്നുള്ള മില്ലുകൾ ദേശസാൽക്കരിക്കുന്നില്ലെന്നും ഭാവിയിൽ ഈ മില്ലുകൾ കോവാപ്പറേറ്റീവു സൊസൈറ്റികൾക്കു മാത്രമേ നൽകുകയുള്ള എന്നും ഇൻഡ്യാഗവണ്മെന്റിന്റെ ഒരു പ്രഖ്യാപനം കണ്ടു. അതാണോ ഈ ഗവണ്മെന്റിന്റെനയം ? കോവാപ്പറേറ്റീവു സൊസൈറ്റികളുടെ 4 അപേക്ഷകൾ കിട്ടിയിട്ട ഒന്നുമാത്രം അനുവദിച്ചതു് എന്തു കൊണ്ടാണു് ?

ശ്രീ. ഈ. പി. പൗലോസ് : അതു് പ്രത്യേകം ചോദിച്ചാലേ പറയാൻ ഒക്കുകയുള്ള. തൊട്ടടുത്തു് മില്ലുകൾ ഉണ്ടായിരിക്കുകയും ഇനി ഒരു മില്ലുകൂടി വന്നാൽ രണ്ടിനും ദോഷകരമായിരിക്കുകയും ചെയ്താൽ പുതുതായി അനുവദിക്കുവാൻ ഒക്കുകയില്ല. പിന്നെ കൈക്കുള്ളതു് സൊസൈറ്റികൾ ഉണ്ടോ എന്നു നോക്കിയാണു് ചെയ്യുന്നതു്.

ശ്രീ. സി. അച്യുതമേനോൻ : ഈ ഗവണ്മെന്റിന്റെ അഭിപ്രായത്തിൽ ഭൂവനേശ്വർ പ്രമേയം ബുദ്ധിശൂന്യമാണോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഈ. പി. പൗലോസ് : ബുദ്ധിശൂന്യമാണെന്നു ഞാനഭിപ്രായപ്പെട്ടിട്ടില്ല. രണ്ടും നാല്പതും പറനെല്ലു കയ്യേന്ന മില്ലുകാരെ സർക്കാർ എടുത്തുനടത്തുന്നതു് ബുദ്ധിശൂന്യമായിരിക്കുമെന്നു് അഭിപ്രായമുണ്ടു്.

ശ്രീ. ഈ. പി. ഗോപാലൻ : കാലേകൂട്ടി ലൈസൻസു വാങ്ങിച്ചിട്ടുള്ളവർ മില്ലു സ്റ്റാർട്ടുചെയ്യാതെ ലൈസൻസു പുതുക്കുന്ന ഒരേർപ്പാടുണ്ടു്. ഒരു നിശ്ചിത കാലയളവുവച്ചു് അങ്ങനെയുള്ള ലൈസൻസു പുതുക്കി കൊടുക്കുകയില്ലെന്നുള്ള ഒരു നിലപാടു സ്വീകരിക്കുമോ ? അതുപോലെതന്നെ ലൈസൻസു വാങ്ങി കച്ചവടം നടത്തുന്ന ഏർപ്പാടുമുണ്ടു്. അതിനെ തടയുമോ ?

ശ്രീ. ഈ. പി. പൗലോസ് : ഇങ്ങനെയുള്ള ചില കേസുകളിൽ ലൈസൻസു പുതുക്കിക്കൊടുക്കാതിരുന്നിട്ടുണ്ടു്. പലപ്പോഴും തുടങ്ങാത്തതു് സ്വന്തനിലയിലുള്ള ബുദ്ധിമുട്ടാണെന്നു കണ്ടതുകൊണ്ടാണു് ചില കേസുകളിൽ ഉദാരമായ നില സ്വീകരിക്കുന്നതു്.

ശ്രീ. കെ. ഹസ്സൻ ഗനി: ചില ഡിസ്ട്രിക്ടുകളിൽ റൈസു് മില്ലുകാരുടെ ലൈസൻസു കൊടുക്കരുതെന്നു കല്പന അയച്ചിട്ടുണ്ടോ ?

ശ്രീ. ഈ. പി. പൗലോസ് : അങ്ങനെ കല്പന അയച്ചിട്ടില്ല. കണ്ണനാരു പാലക്കാടു തിരുവിതാംകൂർ—കൊച്ചിയിലുള്ള ചില ഡിസ്ട്രിക്ടുകളിലും റൈസു മില്ലുകാരും ആവശ്യത്തിനുള്ളതുകൊണ്ടു് കൂടുതൽ അനുവദിക്കാതിരുന്നു. ഇങ്ങനെ ചെയ്യുന്നതിൽ ഇൻഡ്യാഗവണ്മെന്റിൽ പരാതി കൊടുത്തതിന്റെ ഫലമായി ഓരോ ആപ്ലിക്കേഷനും നോക്കി അതിന്റെ മെരിട്സിൽ കൺസിഡർ ചെയ്യുകയല്ലാതെ തികച്ചും ലൈസൻസു നിഷേധിക്കുന്നതു് ശരിയല്ലെന്നുള്ള അഭിപ്രായം വന്നു. ഇപ്പോഴും അങ്ങനെ അനുവദിക്കുന്നുണ്ടു്. പക്ഷേ അങ്ങനെയുള്ള സ്ഥലത്തു് അനുവദിക്കുന്നതിൽ കുറച്ചു ബുദ്ധിമുട്ടുണ്ടു്.

പെരിയാർവാലി ഇറിഗേഷൻ പ്രോജക്ടിന്റെ പണി

* 858. [24] ശ്രീ. കെ. എം. ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ക്ഷീണ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പെരിയാർവാലി ഇറിഗേഷൻ പ്രോജക്ടിന്റെ പണി പൂർത്തിയായോ ;

(ബി) ഈ പ്രോജക്ടിൽനിന്നും എന്നുമുതൽ കൃഷിക്കു് വെള്ളം കൊടുക്കുവാൻ സാധിക്കും ;

(സി) എത്ര ഏക്കർ സ്ഥലത്തേക്കു് ഇതു് പ്രയോജനപ്പെടും :

(ഡി) ഇതിന്റെ ആകെ എസ്റ്റിമേറ്റു് എത്ര ;

(ഈ) ഇതിൽ എത്രസംഖ്യ ചെലവായി ;

(എഫ്) ഇടുക്കി പദ്ധതിയിൽനിന്നും വെള്ളം പെരിയാറിലേക്കു് ഡൈവർട്ടുചെയ്തു് മൂന്നാമത്തെ കൃഷിക്കു് ഉപയോഗപ്പെടുത്തുന്നതിനു് ഉദ്ദേശിക്കുന്നുണ്ടോ ?

ക്ഷീണ്യവകുപ്പുമന്ത്രി (ശ്രീ. ഈ. പി. പൗലോസ്) :

(എ) ഇല്ല.

(ബി) 1964 മേയ്മാസംമുതൽ വെള്ളംകൊടുക്കുവാൻ സാധിക്കുമെന്നു പ്രതീക്ഷിക്കുന്നു.

(സി) 63,300 ഏക്കർ.

(ഡി) 640 ലക്ഷം രൂപാ.

(ഈ) എസ്റ്റാബ്ലിഷ്മെന്റു ചെലവുകൾ ഉൾപ്പെടെ 1964 ജനുവരി അവസാനംവരെ 278.03 ലക്ഷം രൂപ ചെലവായി.

(എഫ്) ഇടുക്കി പദ്ധതിൽനിന്നും വെള്ളം പെരിയാറിലേക്കു് ഡൈവർട്ടു ചെയ്യുന്നതിനെപ്പറ്റി യാതൊരു തീരുമാനവും എടുത്തിട്ടില്ല. അക്കാര്യം ഗവണ്മെന്റിന്റെ പരിഗണനയിലിരിക്കുന്നതേയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly